ശ്രീ. പ്ര ളം ോസ : ക്ടോബർ 20—ാം ിയതി പോയ ഇപ്പോഴും റിേ ർട്ട വ നിട്ടില്ലാ ത്തതെ ാണ്ട് ഗവണ്മെൻറതെന തീരുമാനിക്ക മെന്ന് ഉദ്ദേശി ന്നതെ ാ?

ശ്രീ. ന ി ഗോവിന്ദമേനോൻ: ഉവ്വ്.

ൈ വറാ ൈക്കൻഡറിസ്കൂൾ അദ്ധ്യാപകർ.

*644. [4] ശ്രീ പി ഗോപാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) പ്രൈവറ്റ് സെക്കൻഡറിസ്കൂൾ അദ്ധ്യാപകന്മാരുടെ പരിതാപകരമായ സ്ഥിതി മനസ്സിലാക്കിയിട്ടുണ്ടോ എന്നും, പ്രതിനിധികൾ അതെല്ലാം അറിയിച്ചിട്ടുണ്ടോ എന്നും ഉണർത്തിച്ചിട്ടുണ്ടോ;

(ബി) ഈ പ്രശ്നത്തിൽ മന്ത്രി എന്തെങ്കിലും ഉറപ്പ് അതുസംബന്ധിച്ച് നൽകിയിട്ടുണ്ടോ;

(സി) പ്രൈവറ്റ് സെക്കൻഡറിസ്കൂൾ അദ്ധ്യാപകന്മാരുടെ പ്രശ്നത്തിന് എന്തെല്ലാം പരിഹാരമാർഗ്ഗങ്ങളാണ് ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ളത്?

മുഖ്യമന്ത്രി (ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ):

(എ) 1. ഡിപ്പാർട്ടുമെൻറൽ അദ്ധ്യാപകന്മാരുടെ ശമ്പളനിരക്ക്.

2. സർക്കാർ സർവ്വീസിലുള്ള ക്ഷാമബത്താനിരക്ക്.

3. ഡിപ്പാർട്ടുമെൻറ് അദ്ധ്യാപകന്മാർക്കുള്ള അവധി ആനുകൂല്യം, എൻ. ജി. ഒ. മാരുടെ മക്കൾക്കുള്ള ഫീസിളവ്, സൗജന്യ വൈദ്യസഹായം.

4. അദ്ധ്യാപകന്മാരും മാനേജരന്മാരും തമ്മിലുള്ള തർക്കങ്ങൾ വിധിപറയുന്നതിന് ഒരു ട്രൈബ്യൂണൽ സ്ഥാപിക്കുക.

5. പ്രൊവിഡൻറ്ഫണ്ട് മുതലായവ.

(ബി) ഈ കാര്യങ്ങൾ ആലോചിക്കാമെന്നു പറഞ്ഞിട്ടുണ്ട്.

(സി) ആലോചനയിൽ ഇരിക്കുന്നതേയുള്ളൂ.

ശ്രീ. പി. ഗോപാലൻ: ഇതു പരിഗണിക്കുമെന്ന് മുഖ്യമന്ത്രി പലപ്പോഴും അറിയിച്ചു പറഞ്ഞിട്ടുണ്ട്. ഇതു് എന്നത്തേയ്ക്കു് നടപ്പിലാക്കാൻ സാധിക്കുമെന്നു് പറയാമോ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: പേ കമ്മിഷൻ റിപ്പോർട്ടിൽ തീരുമാനം എടുക്കുമ്പോൾ ഇതുകൂടി കണക്കിലെടുക്കുമെന്നു് ഞാൻ മുൻചോദ്യത്തിനു മറുപടിയായി പറഞ്ഞിട്ടുണ്ട്. ഇത്ര ദിവസത്തിനകം എന്നു പറയാൻ സാധിക്കുകയില്ല.

ശ്രീ പി. ആർ. മാധവൻ പിള്ള: അവർ ഉന്നയിച്ച എല്ലാ കാര്യങ്ങളും ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുന്നു എന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എല്ലാം.

LIBRARY ARCHIVES Kerala Legislative Assembly